പാലക്കാട് ജില്ലയിലെ കഴൽമന്ദത്ത് അനെർട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്ന തരത്തിലുള്ള 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിക്കാനുള്ള ഇ-ടെണ്ടർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) വൈദ്യുതി ഉൽപ്പാദന മേഖലയിൽ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഊർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് കോടതികൾ മുഖാന്തിരവും അല്ലാതെയുമുള്ള തടസ്സങ്ങൾ പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള താമസം തുടങ്ങിയ അനിയന്ത്രിത കാരണങ്ങളാൽ പദ്ധതി നടത്തിപ്പിന് സമയദൈർഘ്യം വേണ്ടിവരുന്നുണ്ട്.

**ജലേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം**

**12 (357)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ജലേതര സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) പുതിയതായി ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് ജലേതര സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ആരംഭിച്ച പദ്ധതികളും അവയുടെ ശേഷിയും താഴെപ്പറയും പ്രകാരമാണ് :

എറണാകുളം ജില്ല

1. ബ്രഹ്മപുരത്ത് ഡീസൽ പവർപ്ലാന്റിൽ വാതകാധിഷ്ഠിത ജനറേറ്റർ സ്ഥാപിക്കുന്ന പദ്ധതി-39.86 MW

LIBRARY ARCHIVES Kerala Legislative Assembly

2. ബ്രഹ്മപുരത്ത് പവർപ്ലാന്റിന് അനുബന്ധമായി കിടക്കുന്ന സ്ഥലത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന കമ്പയിൻഡ് സൈക്കിൾ പവർ പ്ലാന്റ്-475 MW

3. പെറ്റ്കോക്കിൽ നിന്ന് വൈദ്യുതി ഉൽപ്പാദന പദ്ധതി-500 MW

4. പുതുവൈപ്പിൽ പെട്രോനെറ്റ് എൽ.എൻ.ജി.യുമായി സഹകരിച്ച് വാതകാധിഷ്ഠിത പദ്ധതി-1200 MW

കാസർഗോഡ് ജില്ല

1. ചീമേനിയിൽ വാതകാധിഷ്ഠിത പദ്ധതി-400x3=1200 MW

2. ചീമേനിയിൽ കൽക്കരി ഇന്ധനമായുള്ള കമ്പയിൻഡ് സൈക്കിൾ പദ്ധതി 660x2=1320 MW

മേൽപ്പറഞ്ഞ പദ്ധതികളിൽ ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന 39.86 MW പദ്ധതി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെടാനുള്ള നടപടികൾ പുരോഗമിക്കുന്നു. മറ്റുള്ളവയെല്ലാം പ്രാരംഭദശയിലാണ്. ഉൽപ്പാദനം തുടങ്ങിയിട്ടില്ല.

കൂടാതെ, അനെർട്ട്വഴി നടപ്പിലാക്കുന്ന ജലേതര പദ്ധതികൾ താഴെപ്പറയും പ്രകാരമാണ് :

1. സൗരോർജ്ജ വൈദ്യുതി മേഖലയിൽ 10 മെഗാവാട്ടിന്റെ 10,000 സൗരഗൃഹ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 10 മെഗാവാട്ടാണ് അതിന്റെ സ്ഥാപിതശേഷി. 7 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

2. വിവിധ പൊതു/സ്വകാര്യ കെട്ടിടങ്ങളിലായി 821.5 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ

3. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ എൻ.എച്ച്.പി.സി.-യുമായി കേരള സർക്കാർ 4-1-2014-ൽ ധാരാണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം പാലക്കാട് ജില്ലയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) 2015-16 സാമ്പത്തിക വർഷം 12 മെഗാവാട്ട് ഗ്രിഡ് കണക്ടഡ് സോളാർ പവർ പ്ലാന്റുകൾ കൂടി നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ കഴൽമന്ദത്ത് അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

കൂടാതെ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന സൗരോർജ്ജ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly